42 (438) ജലസേചനപദ്ധതികൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പണി നടന്നുവരുന്ന വൻകിട ജലസേചനപദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവയുടെ പണി എന്നാണ് ആരംഭിച്ചത്;

(സി) ഇവയ്ക്ക് ഇതുവരെ എന്ത് തുക ചെലവായി;

(ഡി) ഇനി എന്ത് തുകയും എത്ര കാലവുംകൊണ്ട് ഇവയുടെ പണി പൂർത്തിയാകും;

(ഇ) ഇവയുടെ പണി എന്ന് പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്;

(എഫ്) ഇവയുടെ ഒറിജിനൽ എസ്റ്റിമേറ്റ് എത്രയായിരുന്നു;

(ജി) ഒരു ഹെക്ടർ ഭൂമിയിൽ ജലസേചനം നടത്തുന്നതിന് എന്ത് ചെലവ് വരുമെന്നാണ് ഒറിജിനൽ എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചിരുന്നത്; ഇപ്പോഴത്തെ ക്രമമനുസരിച്ച് ഈ ജലസേചനപദ്ധതിയിലോരോന്നും മുഖേന ജലസേചനം ചെയ്യുന്ന ഓരോ ഹെക്ടർ ഭൂമിയുടേയും ജലസേചനത്തിന് എന്ത് ചെലവ് വരുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ജി) ചോദ്യങ്ങൾക്കുള്ള ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

43 (439) പണിപൂർത്തിയായ ജലസേചന പദ്ധതികൾ

ശ്രീ. എം.കെ. മുനീർ :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ജലസേചന പദ്ധതികളുടെ പണി ഇതിനകം പൂർത്തിയായിട്ടുണ്ട്; ഏതെല്ലാം;

(ബി) പണിനടന്നുകൊണ്ടിരിക്കുന്ന എത്ര എണ്ണം പൂർത്തിയാക്കാനുണ്ട്; ഏതെല്ലാം;

(സി) ഇവ ഓരോന്നും എന്നത്തേക്ക് പൂർത്തിയാകും;

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - V

നക്ഷത്ര ചിഹ്നമിടാത്ത 42 (438) -ാം നമ്പർ ചോദ്യം കാണുക

എ	ബി	സി	ഡി		ഇ	എഫ്	ജി		
പണി നടന്നു വരുന്ന വൻകിട ജലസേചന പദ്ധതിയുടെ പേര്	പണി ആരംഭിച്ച വർഷം	ഇതുവരെ ചെലവായ തുക ലക്ഷത്തിൽ	പണി പൂർത്തിയാക്കുവാനാവശ്യമായ തുക ലക്ഷത്തിൽ	പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്ന വർഷം (ആവശ്യമായ ഫണ്ട് ലഭ്യമായാൽ)	പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരുന്ന വർഷം	ഒറിജിനൽ എസ്റ്റിമേറ്റ് തുക ലക്ഷത്തിൽ	ഒരു ഹെക്ടർ ഭൂമിയിൽ ജലസേചനം നടത്തുന്നതിനുള്ള ചെലവ്		വിശദീകരണക്കുറിപ്പ്
							ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം രൂപ	ഇപ്പോഴത്തെ എസ്റ്റിമേറ്റ് പ്രകാരം രൂപ	
1. കല്ലട ജലസേചന പദ്ധതി	1961	55528 (3/99)	14272	2000-01	1976	1328	2524	113256	
2. മൂവാറ്റുപുഴ ജലസേചന പദ്ധതി	1974	26942.85 (5/99)	19500	2001	1989	48.08*	13900	133900	*പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം കിട്ടിയ അടങ്കൽ തുക (എസ്റ്റിമേറ്റ്)
3. ഇടമലയാർ ജലസേചന പദ്ധതി	1981	8826.75 (5/99)	6200	2000	1998	1785	39200	104000	
4. കുരിയാർകുറ്റി കാരപ്പാറ ജലസേചനപദ്ധതി	1995*	999.09 (3/99)	12500	9-ാം പദ്ധതിക്കാലം	9-ാം പദ്ധതിക്കാലം	10000	53500	77200	*പദ്ധതി പുനരാരംഭിച്ച വർഷം
5. പഴശ്ശി ജലസേചന പദ്ധതി	1961	13445.89 (3/99)	1100	1999	1967.68	442	3830	118000	

LIBRARY ARCHIVES Kerala Legislative Assembly